# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6950 — 13.07.2012 ൽ മറുപടിയ്ക്ക്

## ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവണത

ചോദ്യം : ശ്രീ. എ. എം.ആരീഫ്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ നദീതടങ്ങളിലും അനുബന്ധ ജലാശയങ്ങളിലും കനാലുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽപ്പെട്ട മാലിന്യങ്ങൾ നിക്ഷേപിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടെന്നും എന്തു നടപടിയെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

(സി) ഇറച്ചി-മത്സ്യ വില്പനകേന്ദ്രങ്ങളിലേയും ഫ്ളാറ്റുകൾ, ഹോട്ടലുകൾ എന്നിവയിലേയും മാലിന്യങ്ങൾ കനാലുകളിൽ ഒഴുക്കിവിടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുന്നതിന് വകുപ്പുതല അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുമോ ?

(സി) വിവിധ സ്ഥാപനങ്ങളിൽ നിന്നും ഒഴുക്കി വിടുന്ന മാലിന്യങ്ങൾ മൂലം ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടി കൈക്കൊണ്ടുവരുന്നു. മേൽസ്ഥാപനങ്ങളിൽ നിന്ന് പുറന്തള്ളുന്ന മാലിന്യത്തിന്റെ പരിധി നിശ്ചയിക്കുക, ശുദ്ധീകരണ സംവിധാനമേർപ്പെടുത്തുക, അവയുടെ പ്രവർത്തനം ഉറപ്പുവരുത്തുക, ബോർഡിന്റെ അനുമതി പത്രം എടുപ്പിക്കുക തുടങ്ങിയ നടപടികൾ കൂടാതെ ഇത്തരം പരാതികളിൽ അന്വേഷണവും തുടർനടപടികളും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

12